# പ്രസാധകക്കുറിപ്പ്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായിരുന്നു ഗ്രാമശാസ്ത്രസമിതിയും, ഗ്രാമശാസ്ത്രജാഥയും. താഴെ തലത്തിലുള്ള അനൗപചാരിക ആസൂത്രണസമിതികളായാണ് ഗ്രാമശാസ്ത്രസമിതികളെ പരിഷത്ത് വിഭാവനം ചെയ്തിരുന്നത്. ജീവിതഗന്ധിയായ വിഷയങ്ങൾ അതിന്റെ വിശദാംശങ്ങളോടെ ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിനായിരുന്നു ഗ്രാമജാഥകൾ നടത്തിയിരുന്നത്. 1970കളിലും 1980കളിലുമാണ് ഈ പ്രവർത്തനങ്ങൾ കൂടുതൽ നടന്നത്. ഇടക്കാലത്ത് ഈ പ്രവർത്തനങ്ങൾ നിർത്തിവച്ചപ്പോഴും ജനങ്ങളുമായി നേരിൽ സംവദിക്കുന്നതിന് പദയാത്രകൾക്കുള്ള സാധ്യതയെപ്പറ്റി പരിഷത്തിന് തികഞ്ഞ ബോധ്യമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി 26 മുതൽ ഫെബ്രുവരി 28 വരെ നടന്ന കേരളപദയാത്രയുടെ അനുഭവങ്ങൾ ഏറെ ആവേശകരമായിരുന്നു. ഒരു സംസ്ഥാനജാഥയായതിനാൽ നിശ്ചിത സമയത്തിനിടയിൽ ബന്ധപ്പെടാവുന്ന ജനങ്ങൾക്കും പ്രദേശങ്ങൾക്കും പരിധിയുണ്ടായിരുന്നുതാനും.

പദയാത്ര കഴിഞ്ഞ് ഒരു വർഷത്തിനിടയിൽ തന്നെ അന്ന് ചൂണ്ടിക്കാട്ടിയ പലതും ഇന്ത്യയിൽ പുതിയ പ്രതിസന്ധികളായി മാറിയിരിക്കയാണ്. അതിൽ പ്രധാനം ശാസ്ത്രബോധത്തിന്റെയും ഇന്ത്യയിലെ ശാസ്ത്ര സംവിധാനത്തിന്റെയും തകർച്ചയാണ്. സ്വതന്ത്രഇന്ത്യയുടെ പിൻനടത്തത്തിനാണ് ഇന്ന് വേഗത കൂടിക്കൊണ്ടിരിക്കുന്നത്. ഈ തിരിച്ചുപോക്കിനിടയിൽ നവ ലിബറലിസവും കോവിഡും തകർത്തെറിഞ്ഞ ഇന്ത്യയ്ക്ക് ബദലായൊരു ഇന്ത്യ സൃഷ്ടിക്കാൻ കഴിയില്ല. അതിനു കഴിയണമെങ്കിൽ ശാസ്ത്രബോധമടക്കമുള്ള ഭരണഘടനാമൂല്യങ്ങളെ ഇന്നത്തേതിനെക്കാൾ ആഴത്തിൽ പ്രചരിപ്പിക്കാനും ഒപ്പം ഇന്ത്യയിലെ മനുഷ്യ-പ്രകൃതിവിഭവങ്ങളെ ആസൂത്രിതമായി വിനിയോഗിക്കാനും കഴിയണം. അത്തരമൊരു ഇന്ത്യയുടെ ഭാഗമായി മാത്രമേ ഒരു നവ

കേരള സൃഷ്ടിയും സാധ്യമാകൂ എന്ന് ഞങ്ങൾ കരുതുന്നു.

ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കരുത്താർജിച്ച സാമൂഹികപരിഷ്കരണപ്രവർത്തനങ്ങൾ കേരളചരിത്രത്തിൽ ഒരു പ്രത്യേകഘട്ടത്തെ അടയാളപ്പെടുത്തുന്നുവെങ്കിലും ആ പ്രക്രിയയിൽ ശാസ്ത്രബോധം പ്രധാന പങ്കാളിയായിരുന്നില്ല. പ്രശ്നപരിഹാരം ശാസ്ത്രത്തിന്റെ നിരീക്ഷണ-പരീക്ഷണങ്ങളിൽ അധിഷ്ഠിതമാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ബൗദ്ധിക ജീവിതം നയിക്കുന്നവർ പോലും പ്രശ്നപരിഹാരത്തിനായി ഭൗതികേതര മാർഗങ്ങൾ ആരായുന്ന രീതി ശക്തിപ്പെട്ടു. അതിനാൽ പുരോഗമന ആശയങ്ങൾക്കൊപ്പം തന്നെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂടി വളരുന്നതിനിടയാക്കി. ഈ സ്ഥിതി വളർന്നുവളർന്ന് ഇപ്പോൾ അന്ധവിശ്വാസവും മതവിശ്വാസവും ഈശ്വരവിശ്വാസവും തമ്മിലുള്ള വ്യത്യാസം പോലും തിരിച്ചറിയാതാവുകയാണ്. അതുകൊണ്ടുതന്നെ അന്ധവിശ്വാസത്തിനെതിരായുള്ള ചെറിയൊരു വിമർശനം പോലും മത/ഈശ്വര വിശ്വാസവിമർശനങ്ങളാക്കി പെരുപ്പിച്ച് തെരുവുകളെപ്പോലും കലാപഭൂമികളാക്കി മാറ്റുകയാണ്.

ഇക്കാര്യങ്ങളെല്ലാം ജനങ്ങൾക്കിടയിൽ ചർച്ചചെയ്യാനുള്ള ബഹുജനവിദ്യാഭ്യാസപരിപാടിയായാണ് ഗ്രാമശാസ്ത്രജാഥ 2023 സംഘടിപ്പിക്കുന്നത്. പുത്തനിന്ത്യ പണിയുവാൻ ശാസ്ത്രബോധം വളരണം എന്നതാണ് പ്രധാന ചർച്ചാവിഷയം. ശാസ്ത്രബോധമാണ് ഒരു സമൂഹത്തിന്റെ ഏറ്റവും ഉയർന്ന രാഷ്ട്രീയബോധം എന്ന തിരിച്ചറിവിലാണ് പരിഷത്ത് ഈ ഒരു വിഷയം ചർച്ചചെയ്യുന്നത്. ശാസ്ത്രബോധത്തിലധിഷ്ഠിതമായ പുതിയൊരു സംസ്കാരമാണ് ഇതിന്റെ ഉൽപ്പന്നമായി പ്രതീക്ഷിക്കുന്നത്. 2023 ഡിസംബറിലാണ് ഗ്രാമശാസ്ത്രജാഥ നടക്കുന്നത്. ഒരു പദയാത്രയായി മാത്രമല്ല ജാഥ സംഘടിപ്പിച്ചിട്ടുള്ളത്. കാലികപ്രസക്തമായ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ലഘുലേഖകൾ, ഗ്രന്ഥങ്ങൾ എന്നിവ ഇതോടൊപ്പം വ്യാപകമായി പ്രചരിപ്പിക്കും.

പരിഷത്ത് ക്യാമ്പയിനുകളുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഒരു ലഘുലേഖയാണ് 'അസമത്വങ്ങളുടെ ഇന്ത്യൻ വികസനപാത'. ഇത് തയ്യാറാക്കിയിട്ടുള്ളത് ഡോ. കെ.രാജേഷാണ്. അദ്ദേഹത്തിന് പ്രത്യേകം നന്ദി. ഈ വിഷയം ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

**കേരള ശാസ്ത്രസാഹിത്യ പരിഷത്ത്**

ഒരു സമൂഹത്തിന്റെ വികസനത്തെ അളക്കുന്നതിന് വിവിധതരത്തിലുള്ള സൂചകങ്ങൾ ഉപയോഗിക്കാറുണ്ട്. സാമ്പത്തികവളർച്ചാനിരക്ക്, ആഭ്യന്തര ഉത്പാദനവളർച്ചാനിരക്ക് (GDP Growth rate), പ്രതിശീർഷ വരുമാനവളർച്ചാനിരക്ക് എന്നിവയാണ് പരമ്പരാഗതമായുള്ള വികസന സൂചകങ്ങൾ. ലോകബാങ്ക്, ഐ.എം.എഫ്. എന്നിവയാണ് സാധാരണയായി ഈ സൂചകങ്ങൾ പിന്തുടരാറുള്ളത്. ഈ സൂചകങ്ങൾ സമ്പത്തുത്പാദനത്തിൽ കൂടുതലായി കേന്ദ്രീകരിക്കുന്നവയും അവയുടെ വിതരണതുല്യത വേണ്ടത്ര കണക്കിലെടുക്കാത്തവയും ആണ്.

രാജ്യത്തിന്റെ മൊത്തം സമ്പദ്‌വ്യവസ്ഥയുടെ ചിത്രം മാത്രമാണ് അവ നൽകുക. അതിനകത്തെ കുടുംബങ്ങൾ, സമൂഹങ്ങൾ, പ്രദേശങ്ങൾ എന്നിവയിലേക്ക് ഈ നേട്ടങ്ങൾ തുല്യമായി എത്തുന്നുണ്ടോ എന്ന വിശകലനം ഇവിടെ നടക്കാറില്ല. പ്രതിശീർഷവരുമാനം പോലും ആകെ വരുമാനത്തെ ജനസംഖ്യകൊണ്ട് ഹരിച്ച് കണക്കാക്കുന്ന ഒരു ശരാശരി മൂല്യമാണ്.

ഈ പരിമിതികളെ മറികടക്കാനാണ് മാനവ വികസനസൂചികകൾ (Human Development Index) പോലുള്ള അളവുകൾ ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ വികസിപ്പിച്ചത്. വികസനത്തിന്റെ ഭാഗമായി ജനങ്ങളുടെ ജീവിതഗുണതയിൽ എന്ത് മാറ്റമുണ്ടായി എന്ന് ഈ സൂചകങ്ങൾ വിലയിരുത്തുന്നു. ഇതിനായി വരുമാനത്തോടൊപ്പം ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലെ ഒരു കൂട്ടം സൂചകങ്ങൾ കൂടി മാനവ വികസനസൂചികയുടെ ഭാഗമാവുന്നുണ്ട്.

ഒരു രാജ്യത്ത് ഉത്പാദിപ്പിക്കുന്ന സമ്പത്തിന്റെ അളവിനെക്കാൾ അത് എങ്ങനെ തുല്യമായി വീതിക്കപ്പെടുന്നു എന്ന പരിശോധന വികസന വിശകലനത്തിൽ പ്രധാനമാണ് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വിലയിരുത്തലുകളുടെ തുടർച്ച എന്ന നിലയിലാണ് രാജ്യത്ത് വ്യക്തി, കുടുംബങ്ങൾ, സമൂഹങ്ങൾ എന്നിവർക്കിടയിൽ സമ്പത്തുത്പാദനം, വിതരണം, അടിസ്ഥാന ജീവിതസാഹചര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ സമത്വം നിലനിൽക്കുന്നുണ്ടോ എന്ന

പരിശോധന വികസനവിശകലനത്തിൽ നിർണായകമാകുന്നത്. ഇത്തരം വിലയിരുത്തലുകളുടെ ഭാഗമായാണ് സമത്വത്തെ വിലയിരുത്തുന്ന വിശകലനങ്ങൾ രൂപപ്പെട്ടത്.

**അസമത്വം: കാഴ്ചപ്പാടും സമീപനങ്ങളും**

ഒരു രാജ്യത്തെ ജനങ്ങൾ, സമൂഹങ്ങൾ, പ്രവിശ്യകൾ എന്നിവയിൽ വിവിധതരം അസമത്വങ്ങൾ പ്രകടമായി നിലനിൽക്കുന്നുണ്ടാകാം. ഈ അസമത്വങ്ങൾക്ക് കാരണം ചരിത്രപരമായ ഘടകങ്ങളും, സർക്കാരുകളുടെ രാഷ്ട്രീയനയങ്ങളുമാകാം. ഭൂവുടമസ്ഥത, പരമ്പരാഗത തൊഴിലുകൾ, ജാതിവ്യവസ്ഥ എന്നിവ ചരിത്രപരമായ കാരണങ്ങളാണ്. ഇതിനാലാണ് ജാതിപരമായ വേർതിരിവ് ആസ്തികൾ, തൊഴിലുകൾ എന്നിവയിൽ സൃഷ്ടിക്കപ്പെട്ട അസമത്വങ്ങൾ അഭിസംബോധന ചെയ്യാൻ ഭരണഘടനാപരമായി സംവരണം ഏർപ്പെടുത്തിയത്. ഭൂമി, ഭൂമിയിതര ആസ്തികൾ, ഉത്പാദനോപാധികൾ എന്നിവയിലെ ഉടമസ്ഥതയും ചരിത്രപരമായ അസമത്വങ്ങൾക്ക് കാരണമായി മാറുന്നു.

അടിസ്ഥാനജീവിതാവശ്യങ്ങൾ (Basic Needs) ലഭിക്കുന്നതിൽ വിവേചനമുണ്ടാകുമ്പോൾ അത് വിവിധതരം അസമത്വം സൃഷ്ടിക്കുന്നു. ഉദാ: പാർപ്പിടം, കുടിവെള്ളം, കക്കൂസ്, വൈദ്യുതി, പോഷകാഹാരം എന്നിവയിലെ വ്യത്യാസങ്ങൾ. ഇതിനാൽ അസമത്വ പരിശോധനയിൽ വിവിധ വിഭാഗങ്ങൾക്കിടയിലെ ഇത്തരം സൗകര്യങ്ങളുടെ ലഭ്യത നിർണായകമായ ഒന്നായി മാറുന്നു. ഇവ ലഭ്യമാക്കുന്നതിന് സർക്കാരുകൾ സ്വീകരിക്കുന്ന നടപടികളും പ്രധാനമാണ്. അവശ്യകാര്യങ്ങൾ നിറവേറ്റാൻ ഓരോരുത്തർക്കും ചെലവഴിക്കേണ്ടിവരുന്ന പണം കണ്ടെത്താനുള്ള ശേഷികളിലെ വ്യത്യാസവും അസമത്വങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഭക്ഷണം, ചികിത്സാച്ചെലവ്, വിദ്യാഭ്യാസച്ചെലവുകൾ എന്നിവയും അനിവാര്യ ചെലവുകളിൽ ഉൾപ്പെടുന്നു. വിദ്യാഭ്യാസച്ചെലവ് കണ്ടെത്താനാകാത്ത സ്ഥിതി തലമുറകൾ തമ്മിലുള്ള ചലനാത്മകതയെ വരെ ബാധിക്കുന്നു; തലമുറകൾക്കിടയിലെ അസമത്വങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. തൊഴിലും തൊഴിലിന്റെ വകഭേദങ്ങളും ജനങ്ങളുടെ വരുമാനം നിർണയിക്കുന്നതിൽ പ്രധാന ഘടകങ്ങളാണ്. ഇതിനാൽ തന്നെ തൊഴിൽലഭ്യത, സ്വഭാവം, അതിൽ നിന്നുള്ള വരുമാനം എന്നിവ വ്യക്തികൾ, കുടുംബങ്ങൾ, സമൂഹങ്ങൾ എന്നിവർക്കിടയിലെ അസമത്വങ്ങളെ പ്രകടമായി സ്വാധീനിക്കുന്നു. വരുമാനത്തിന്റെ മുഖ്യ സ്രോതസ്സ് എന്ന നിലയിൽ തൊഴിൽ, അസമത്വം നിർണയിക്കുന്നതിൽ പ്രധാനമാണ്. ചുരുക്കത്തിൽ തൊഴിൽ,

വിദ്യാഭ്യാസം, പോഷകാഹാരം തുടങ്ങി അതിജീവനത്തിനായുള്ള ശേഷികളുടെ ലഭ്യതക്കുറവ് (Lack Of Capabilities) അസമത്വം സൃഷ്ടിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും ഇടയാക്കുന്നു.

മേൽസൂചിപ്പിച്ചതുപോലെ അസമത്വം പ്രകടമാകുന്ന നിരവധി സൂചകങ്ങൾ ഉണ്ടെങ്കിലും, ആസ്തികൾ, ഉപഭോഗം, വരുമാനം എന്നിവയിൽ കാണുന്ന അസമത്വമാണ് ഏറ്റവും പ്രധാനം. അസമത്വത്തെ വിവിധ രീതിയിൽ അളക്കാം. വരുമാനത്തെ അടിസ്ഥാനമാക്കിയാണ് സാധാരണയായി അസമത്വം കണക്കാക്കാറ്. സമൂഹത്തിലെ അതിസമ്പന്നരായ 1% ആളുകൾ ആകെ വരുമാനത്തിന്റെ (സമ്പത്തിന്റെ) എത്ര ശതമാനം കയ്യാളുന്നു എന്നത് സാധാരണ ഇത്തരം പരിശോധനകളിൽ ഉപയോഗിക്കുന്ന ഒരു സൂചകമാണ്. ഇതുപോലെത്തന്നെ സമൂഹത്തിലെ സമ്പന്നരായ 10%വും, ദരിദ്രരായ 10%വും തമ്മിലുള്ള അന്തരം (Decile Ratio) അസമത്വപരിശോധനയുടെ മറ്റൊരുപാധിയാണ്. ഭൂമി, വീട്, കുടിവെള്ളം, വൈദ്യുതി, പോഷകാഹാരം തുടങ്ങി അടിസ്ഥാനജീവിതശേഷികളുടെ (ഉപാധികളുടെ) കാര്യത്തിൽ അത് ലഭ്യമാകുന്നവരുടെയും, ലഭ്യമാകാത്തവരുടെയും ശതമാനക്കണക്കിലാണ് പരിശോധിക്കുന്നത്. ആസ്തികൾ, അടിസ്ഥാനജീവിതോപാധികൾ, വരുമാനം എന്നിവയിലെ ലിംഗപരമായ വ്യത്യാസങ്ങൾ ലിംഗപരമായ അസമത്വസൂചകമായും ഉപയോഗിക്കുന്നു.

തൊഴിലിന്റെ കാര്യത്തിൽ അതിന്റെ സ്വഭാവം, വരുമാനം, തൊഴിൽ ദിനങ്ങളുടെ ലഭ്യത എന്നിവ പ്രധാനമാണ്. സംഘടിതമേഖലയിലെ തൊഴിലുകളും അസംഘടിതമേഖലയിലെ തൊഴിലുകളും തമ്മിലുള്ള വ്യത്യാസവും പ്രധാനമാണ്.

### അസമത്വവും സർക്കാരും

ദരിദ്രരും ധനികരും തമ്മിലുള്ള അന്തരം കുറയ്ക്കുകയെന്നത് ഉൾച്ചേർന്ന വികസനസമീപനത്തിൽ അത്യാവശ്യമാണ്. അസമത്വം സമൂഹത്തിൽ അസ്വസ്ഥതകൾ സൃഷ്ടിക്കും. സാമൂഹികനീതി ഉറപ്പാക്കുന്ന ഒരു ക്ഷേമരാഷ്ട്രസങ്കൽപത്തിൽ അസമത്വങ്ങൾ ഇല്ലാതാക്കുക എന്നതും പ്രധാനമാണ്. ഭൂപരിഷ്കരണംപോലുള്ള ആസ്തി വിതരണ നടപടികൾ അസമത്വം കുറയ്ക്കുന്നതിൽ സഹായിക്കുന്നു. ജനകീയ ഭവനപദ്ധതികൾ, തൊഴിൽപദ്ധതികൾ, കുടിവെള്ളപദ്ധതികൾ, പോഷകാഹാരലഭ്യത, സൗജന്യവിദ്യാഭ്യാസവും പൊതുജനാരോഗ്യവും ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ എന്നിവ അസമത്വം കുറയ്ക്കുന്നതിൽ പ്രധാനപ്പെട്ടവയാണ്. സമ്പത്തിന്റെ കേന്ദ്രീകരണം കുറയ്ക്കു

ന്നതിനുള്ള മറ്റ് പ്രധാനമാർഗങ്ങൾ വർധിച്ച നികുതികൾ, വിവിധയിനം സെസ്സുകൾ എന്നിവ ഏർപ്പെടുത്തുകയാണ്. ഉയർന്ന വരുമാനനികുതി, മറ്റുതരം സെസ്സുകൾ (പെട്രോൾ സെസ്, ആഡംബര സെസ്) എന്നിവ ഇതിന്റെ ഭാഗമാണ്. സ്കാൻഡിനേവിയൻ രാജ്യങ്ങൾ, കാനഡ എന്നിവ ഇത്തരം നികുതിനയം പിന്തുടരുന്നു. ഇത് ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നു. തൊഴിൽരഹിതർക്കും, പാർശ്വവത്കൃതർക്കും ചുരുങ്ങിയ വരുമാനമെങ്കിലും ഉറപ്പാക്കാനുള്ള തൊഴിലുറപ്പ് പദ്ധതി പോലുള്ള തൊഴിൽദാനപദ്ധതികളും കേവലദാരിദ്ര്യവും അസമത്വവും കുറയ്ക്കാൻ സഹായിക്കുന്നു. അതിസമ്പന്നരെ നിയന്ത്രിക്കുന്നതിനുള്ള കോർപ്പറേറ്റ് നികുതിപോലുള്ള ഇടപെടലുകളും ഇതിന്നാവശ്യമാണ്.

### പരമ്പരാഗത വികസനസൂചികകളും ഇന്ത്യയും

ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ച, വ്യക്തിഗത വരുമാനത്തിലെ വളർച്ചാനിരക്ക് എന്നിവയാണ് സാമ്പത്തികവികസനത്തിന്റെ പരമ്പരാഗത സൂചകങ്ങളായി ഉപയോഗിക്കാറുള്ളത്. ഇവയുടെ കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ വളരുകയാണെന്ന പ്രതീതി ഉണ്ടായേക്കാം. 2022-23 വർഷത്തിൽ 6.3% ആഭ്യന്തര ഉത്പാദന വളർച്ചാനിരക്ക് (GDP) ഇന്ത്യ രേഖപ്പെടുത്തുകയുണ്ടായി. ഇതേകാലഘട്ടത്തിൽ മൊത്തം ആഭ്യന്തര ഉൽപാദന വളർച്ചാനിരക്ക് കുറച്ച് വർഷങ്ങളായി വലിയ ഏറ്റക്കുറച്ചിലില്ലാതെ നിൽക്കുന്നതായി സർവെ കണക്കുകൾ കാണിക്കുന്നു.

**പട്ടിക:1**

**ആഭ്യന്തര ഉത്പാദനവളർച്ചാനിരക്ക് (GDP)**

| വർഷം | നിരക്ക് |
|---|---|
| 2018 | 6.45 |
| 2019 | 3.87 |
| 2020 | 5.83 |
| 2021 | 9.05 |
| 2022 | 7.00 |

*(അവലംബം സാമ്പത്തികസർവെകൾ)*

എന്നാൽ ഇന്ത്യക്കാരുടെ പ്രതിശീർഷവരുമാനം 2014-15ൽ 86,627/- രൂപയായിരുന്നത് 2021-22ൽ 1,72,000/- ആയി എന്നതാണ് സാമ്പ

ത്തികസർവെ കാണിക്കുന്നത്.

ആഭ്യന്തര ഉത്പാദനവളർച്ചയിലും, പ്രതിശീർഷവരുമാനത്തിലും സമ്പദ്‌വ്യവസ്ഥവളർച്ചയുടെ പ്രവണത കാണിക്കുമ്പോൾ തന്നെ അതിന്റെ ഫലം ജനങ്ങൾക്ക് ലഭിക്കുമ്പോൾ മാത്രമേ അത് വികസന മാവുള്ളൂ. കഴിഞ്ഞ ഒരു ദശാബ്ദക്കാലത്തെ ഇന്ത്യയുടെ വികസനം സംബന്ധിച്ച് കണക്കുകൾ പരിശോധിക്കുമ്പോൾ വികസനത്തിന്റെ നേട്ടങ്ങൾ സ്വാഭാവികമായിത്തന്നെ ജനങ്ങളിലേക്ക് കിനിഞ്ഞിറങ്ങും (Trickle down) എന്ന പൊതുവാദം തെറ്റാണെന്ന് മനസ്സിലാകും.

**അസമത്വം: ലോകസാഹചര്യം**

ലോകത്ത് സമ്പത്തിന്റെ കേന്ദ്രീകരണം ഭയാനകമായ തോതിൽ വർധിക്കുന്നതായി ഓക്സ്ഫാം (OXFAM) പ്രസിദ്ധീകരിച്ച ഇന്ത്യ അസമത്വ റിപ്പോർട്ട് (India Inequality Report) സൂചിപ്പിക്കുന്നു. റിപ്പോർട്ടിന്റെ പേരുതന്നെ 'സമ്പന്നരുടെ അതിജീവനം' (Survival of the Richest) എന്നാണ്. 2023 ജനുവരിയിലെ റിപ്പോർട്ട് ഇന്ത്യയിലെ അസമത്വത്തിന്റെ ഭീകരത വെളിവാക്കുന്നതാണ്.

അന്താരാഷ്ട്രതലത്തിൽ കോവിഡ്കാലത്താണ് കഴിഞ്ഞ 25 വർഷ ത്തിലെ ഏറ്റവും ഉയർന്ന നിരക്കിലേക്ക് അസമത്വം എത്തിയതായി ഓക്സ്ഫാം റിപ്പോർട്ട് സൂചിപ്പിക്കുന്നത്. അന്താരാഷ്ട്രതലത്തിലുള്ള അസമത്വത്തെപ്പറ്റി താഴെപ്പറയുന്ന നിരീക്ഷണങ്ങളാണ് ഈ റിപ്പോർട്ട് നടത്തുന്നത്.

- 2020നുശേഷം ലോകത്തെ സമ്പന്നരായ ഒരു ശതമാനം ലോകത്ത് പുതുതായി ഉത്പാദിപ്പിച്ച സമ്പത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും കയ്യടക്കിയിരിക്കുന്നു. ഇത് ബാക്കി 99%ത്തിന്റെ ആകെ സമ്പത്തിന് തുല്യമാണ്.
- ലോകത്തെ ശതകോടീശ്വരന്മാരുടെ ആസ്തി ഒരു ദിവസം 2.7 ബില്യൺ ഡോളർ വച്ച് വർധിക്കുന്നു; എന്നാൽ വിലക്കയറ്റത്താൽ തൊഴിലാളികളുടെ വരുമാനമൂല്യം കാര്യമായി കുറയുകയാണ്.
- ഭക്ഷ്യരംഗത്തും ഊർജരംഗത്തും ഉള്ള കമ്പനികളുടെ വരുമാനം കോവിഡിന് ശേഷം പതിന്മടങ്ങായി വർധിച്ചിരിക്കുന്നു. ഇവരുടെ ഓഹരി ഉടമകൾക്ക് 2022ൽ മാത്രം 257 ബില്യൺ ഡോളറാണ് ലാഭ വിഹിതം നൽകിയത്. അതേസമയം ലോകത്ത് 800 മില്യൺ (ദശല ക്ഷം) ആളുകൾ കടുത്ത പട്ടിണിയിലാണ്.
- ലോകത്തെ ഓരോ ഡോളർ നികുതിവരുമാനത്തിന്റെയും 4% മാത്രമേ അതിസമ്പന്നരുടെ സമ്പത്തിൽനിന്ന് ഈടാക്കപ്പെടുന്നുള്ളൂ.

ഭൂരിഭാഗം അതിസമ്പന്നരും ആനുപാതികമായ തോതിൽ നികുതി നൽകുന്നവരല്ല. അവരുടെ രാജ്യങ്ങളിലെ വർധമാനമല്ലാത്ത നികുതിരീതി തന്നെയാണ് അതിന് കാരണം.

- ലോകത്തെ ശതകോടീശ്വരന്മാരിൽ നിന്നും, കോടീശ്വരന്മാരിൽ നിന്നും 5% നികുതി ഈടാക്കിയാൽ തന്നെ 1.7 ബില്യൺ ഡോളർ സമ്പത്ത് ലഭ്യമാകും. ലോകത്തെ പട്ടിണിക്കാരായ രണ്ടു ബില്യൺ ആളുകളുടെ പട്ടിണി ഇല്ലാതാക്കാൻ ഈ പണം ധാരാളം മതിയാകും.

## ശതകോടീശ്വരന്മാരുടെ ഇന്ത്യ

ഇന്ത്യയിലും അസമത്വത്തിന്റെ പ്രവണതകൾ ശക്തമാകുന്നതായി ഓക്സ്ഫാം റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇത് ഏറ്റവും ഉയർന്നതോതിൽ ബാധിക്കുന്നത് ആദിവാസികളെയും, ദളിതരെയുംപോലുള്ള പാർശ്വവത്കൃത സമൂഹങ്ങളെയാണ്. അതിനാൽ ഇവരുടെ വലിയതോതിലുള്ള തൊഴിൽ കുടിയേറ്റങ്ങൾ രാജ്യത്തെങ്ങുമുണ്ടാകുന്നു. ജാതിവ്യവസ്ഥയിൽ ഊന്നിയ ഫ്യൂഡൽ സാമൂഹ്യഘടന നിലനിൽക്കുന്നത് അസമത്വം നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നു.

നികുതിരംഗത്ത് കോർപ്പറേറ്റുകൾക്കനുകൂലമായ നയങ്ങൾ കേന്ദ്രസർക്കാർ സ്വീകരിക്കുന്നു. ഇത് അസമത്വം ഉയർത്തുന്നതിനും സമ്പത്തിന്റെ അമിതകേന്ദ്രീകരണത്തിനും കാരണമായിട്ടുണ്ടെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. 2019ൽ കോവിഡിനുമുൻപായി കേന്ദ്രസർക്കാർ കോർപ്പറേറ്റ് നികുതി 30%ത്തിൽനിന്ന് 22% ആയി കുറച്ചു. ഇത് രാജ്യത്തിന്റെ നികുതിവരുമാനത്തിൽ 1.84 ലക്ഷം കോടി രൂപയുടെ കുറവാണ് വരുത്തിയത്. മൊത്തം നികുതിവരുമാനത്തിന്റെ ഏകദേശം 10%ത്തോളം വരുന്ന ഈ കുറവ് നികത്താൻ സാധാരണക്കാരെ ബാധിക്കുന്ന പരോക്ഷനികുതി വർധിപ്പിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. അവശ്യവസ്തുക്കളുടെ ജി.എസ്.ടിയും, പെട്രോളിനും ഡീസലിനും മേലുള്ള നികുതിയും ഉയർത്തിക്കൊണ്ടാണ് ഇത് പരിഹരിച്ചത്. ഇതാകട്ടെ, സാധാരണ മനുഷ്യരുടെ ജീവിതത്തെ വലിയ തോതിൽ ബാധിക്കുകയും, അവരുടെ ജീവിതച്ചെലവ് ഉയർത്തുകയും ചെയ്തു. പൊതുവിൽ ഇത്തരം നടപടികൾ സമ്പത്തിന്റെ അധിക കേന്ദ്രീകരണത്തിനും അസമത്വം വർധിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്.

## സമ്പത്തിന്റെ കേന്ദ്രീകരണവും അസമത്വവും

ഇന്ത്യയിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ സാമ്പത്തിക അസമത്വം

ഭീകരമായി വർധിച്ചതായി കണക്കുകൾ കാണിക്കുന്നു. ഇന്ത്യയിലെ സാമ്പത്തിക ശ്രേണിയിൽ 50% വരുന്ന സാധാരണക്കാരുടെ ആകെ വരുമാനം ഇന്ത്യയുടെ ദേശീയവരുമാനത്തിന്റെ 13% (2021ൽ) മാത്രമാണ്. ഇതാകട്ടെ ഇന്ത്യയിലെ ആകെ സമ്പത്തിന്റെ 3% മാത്രമേ വരൂ എന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു. അതേസമയം രാജ്യത്ത് ഏറ്റവും ഉയർന്ന സമ്പന്നരായ 30% ആകെ സമ്പത്തിന്റെ 90% കയ്യാളുകയും ചെയ്യുന്നു. അതിൽതന്നെ ഏറ്റവും ഉയർന്ന അതിസമ്പന്നരായ 10% ഇന്ത്യയിലെ സമ്പത്തിന്റെ 80% കയ്യടക്കിയിരിക്കുന്നു. അതിസമ്പന്നരിലെ ആദ്യ 10%വും തുടർന്നുള്ള 20%വും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. അതിസമ്പന്നരിൽ ആദ്യ 1% ഇന്ത്യയുടെ സമ്പത്തിന്റെ 40.6%വും, ആദ്യ 5% 62%വും കയ്യടക്കിയിരിക്കുന്നു. ചുരുക്കത്തിൽ ഉയർന്ന 1% ഇന്ത്യൻ സമ്പത്തിന്റെ 40.6% കയ്യാളുമ്പോൾ കേവലം 59.4% മാത്രമാണ് ബാക്കി വരുന്ന 99%ത്തിന്റെ കൈവശം ഉള്ളതെന്നും വരുന്നു. ഇതുപോലെത്തന്നെ 20% മാത്രമാണ് 90% വരുന്ന സാധാരണക്കാരായ ജനങ്ങളുടെ കൈവശം വരുന്നത്. സമ്പത്തിന്റെ വിതരണത്തിൽ അതിതീവ്രമായ കേന്ദ്രീകരണം നിലനിൽക്കുന്നു എന്നാണ് ഇത് കാണിക്കുന്നത്. രാജ്യത്തിന്റെ സമ്പത്തിന്റെ അഞ്ചിൽ നാല് ഭാഗവും ആദ്യ 10%ത്തിൽ കേന്ദ്രീകരിക്കുന്നു എന്ന് സാരം.

ലോകത്ത് തന്നെ ഏറ്റവും കൂടുതൽ പട്ടിണിക്കാരുള്ള രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലെ പട്ടിണിക്കാരുടെ എണ്ണം 228.9 ദശലക്ഷമാണ്. അതേസമയം തന്നെയാണ് ഇന്ത്യയിലെ അതിസമ്പന്നരുടെ എണ്ണം ഓരോ വർഷവും കുതിച്ചുയരുന്നത്. 2020ൽ രാജ്യത്തെ ശതകോടീശ്വരന്മാർ 102 ആയിരുന്നത് 2022ൽ 166 ആയി. രാജ്യത്തെ ശതകോടീശ്വരരുടെ കൈവശമുള്ള സമ്പത്ത് ഓരോ വർഷവും വലുപ്പത്തിന്റെ കാര്യത്തിലും അളവിന്റെ കാര്യത്തിലും വിപുലപ്പെട്ടുവരികയാണ്. രാജ്യത്തെ ആദ്യ 100 സമ്പന്നരുടെ സമ്പത്ത് 54.12 ലക്ഷം കോടിയും ആദ്യ 10 പേരുടേത് 27.5 ലക്ഷം കോടിയുമാണ്. ഇതിൽ രണ്ടു വർഷത്തിനിടയിൽ 32% വർധനവ് ഉണ്ടായതായി കണക്കുകൾ രേഖപ്പെടുത്തുന്നു.

ഇന്ത്യൻ ജനതയുടെ ഇടയിലെ വരുമാന അനുപാതം കാണിക്കുന്ന ഗിനി ഗുണാങ്കവും ക്രമാനുഗതമായി ഉയരുകയാണ്. 1993-94ൽ 0.284 ആയിരുന്ന ഇത്, 2020-21ൽ 0.292 ആയിരിക്കുന്നു. ഇന്ത്യക്കാരുടെ പ്രതിശീർഷവരുമാനക്കണക്കിലുള്ള ദേശീയവരുമാനം (National income) 2,04,200/- കോടി രൂപയാണ്. എന്നാൽ ഏറ്റവും താഴ്ന്ന വരുമാനക്കാരായ 50 ശതമാനത്തിന്റേത് കേവലം 53,610/- രൂപ മാത്രമാണ്. എന്നാൽ

ഉയർന്ന വരുമാനക്കാരായ 10 ശതമാനത്തിൽ പെടുന്നവരുടെ പ്രതി ശീർഷവരുമാനമാകട്ടെ 11,66,520/- രൂപയാണ് (താഴ്ന്ന 50 ശതമാനത്തിന്റെ 22 മടങ്ങ്). ഇത് വരുമാന അസമത്വത്തിന്റെ അന്തരത്തെ സൂചിപ്പിക്കുന്നു.

**തൊഴിൽസേനയുടെ പങ്കാളിത്തം**

തൊഴിൽ ചെയ്യുന്നവരുടെ കാര്യത്തിൽ ഉണ്ടാവുന്ന വർധനവെന്നത് ഒരു സമൂഹത്തിലെ വരുമാനസമത്വം ഉയർത്തുന്നതിൽ നിർണായകമാണ്. തൊഴിലെടുക്കാവുന്ന പ്രായത്തിൽ തൊഴിൽ ശക്തിയിലെ എത്ര പേർ തൊഴിൽസേനയിൽ ഉണ്ടാകുന്നു എന്നതാണ് തൊഴിൽശക്തിയുടെ വലുപ്പത്തെ കാണിക്കുന്നത്.

**പട്ടിക:2 തൊഴിൽരംഗത്തെ പങ്കാളിത്തം (ഇന്ത്യയിൽ)**

| ലിംഗം | വർഷം | |
|---|---|---|
| | 2017–18 | 2019–20 |
| ആൺ | 75.8% | 76.8% |
| പെൺ | 23.3% | 30.0% |
| ആകെ | 49.8% | 53.5% |

*(അവലംബം: Periodic Labour Force Survey)*

മൂന്നുവർഷങ്ങൾക്കുള്ളിൽ തൊഴിൽമേഖലയിലെ ആകെ പങ്കാളിത്തത്തിൽ 4 ശതമാനത്തിനടുത്ത് മാറ്റം വന്നിട്ടുണ്ട്. എങ്കിലും 46%ന് മുകളിൽ ആളുകൾ ഇപ്പോഴും തൊഴിലിനു പുറത്താണെന്നത് ഇന്ത്യയിൽ അസമത്വവും, ദാരിദ്ര്യവും തുടരുന്നതിന് കാരണമാകുന്നു. സ്ത്രീകളിൽ 70% ഇപ്പോഴും തൊഴിൽസേനയ്ക്ക് പുറത്താണ് എന്നത് തൊഴിൽരാഹിത്യത്തിന്റെയും, അസമത്വത്തിന്റെയും തീവ്രത വർധിപ്പിക്കുന്നു.

പ്രതിശീർഷവരുമാനം കൂടുമ്പോൾ അത് ഉയർന്ന വരുമാനക്കാരായ 10%ത്തിലും, അതിൽതന്നെ ആദ്യ 1 %ത്തിലും കേന്ദ്രീകരിക്കുന്നു എന്നാണ് പട്ടിക സൂചിപ്പിക്കുന്നത്. തൊഴിൽശേഷിയുള്ള തൊഴിൽസേനയുടെ പകുതിയും ഇപ്പോഴും പുറത്താണ് എന്നതും, ആകെ സ്ത്രീകളിൽ മൂന്നിൽ രണ്ട് ഭാഗവും തൊഴിൽസേനയ്ക്ക് പുറത്താണ് എന്നതും ഇന്ത്യയിൽ ദാരിദ്ര്യം വർധിപ്പിക്കുന്നതിന് പ്രധാന കാരണമാണ്.

## തകർക്കപ്പെടുന്ന തൊഴിലുറപ്പ് പദ്ധതി

ഇന്ത്യയിൽ 27.5 കോടി ജനങ്ങൾ എം എൻ ആർ ഇ ജി എസ്.ൽ രജിസ്റ്റർ ചെയ്തതായി കണക്കുകൾ കാണിക്കുന്നു. ഒരാൾക്ക് വർഷത്തിൽ 100 ദിനം തൊഴിൽ നൽകുക എന്ന ലക്ഷ്യത്തിന്റെ പകുതി പോലും നൽകാനായിട്ടില്ല. 52 തൊഴിൽദിനങ്ങളെങ്കിലും നൽകണമെന്ന് ഗ്രാമീണമന്ത്രാലയം ലക്ഷ്യമിട്ടിട്ടും 42 ദിവസത്തെ തൊഴിൽദിനങ്ങൾ മാത്രമേ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. എങ്കിലും ഇന്ത്യയിൽ ദാരിദ്ര്യത്തെ നേരിടുന്നതിൽ തൊഴിലുറപ്പ് പദ്ധതി വലിയ പങ്കുവഹിക്കുന്നു. 2023-24 വർഷത്തെ ബഡ്ജറ്റിൽ 27 കോടിയോളം പേർ രജിസ്റ്റർ ചെയ്തതിൽ 8.4 കോടി ആളുകൾ 2022-23ൽ ജോലി ചെയ്യുകയും 272.8 കോടി തൊഴിൽദിനങ്ങൾ ലഭിക്കുകയും ചെയ്തതായി പറയുന്നു. എങ്കിലും കേന്ദ്രസർക്കാർ കഴിഞ്ഞ കുറച്ചുവർഷങ്ങളായി ഇതിനുള്ള ബഡ്ജറ്റ് വിഹിതം വെട്ടിക്കുറയ്ക്കുകയും കടുത്ത നിബന്ധനകൾ ഏർപ്പെടുത്തുകയുമാണ്.

2022-23ൽ 73,000 കോടി രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്ന പദ്ധതിക്ക് 2023-24 കേന്ദ്ര ബഡ്ജറ്റിൽ 18 ശതമാനം വെട്ടിക്കുറച്ച് 60,000 കോടിയായി പരിമിതപ്പെടുത്തി. 2021-22 വർഷത്തിൽ നടത്തിയ 25% ബഡ്ജറ്റ് വെട്ടിക്കുറച്ചത് കൂടിയാകുമ്പോൾ 33% കുറവാണ് രണ്ടു വർഷങ്ങളിൽ ഉണ്ടായിട്ടുള്ളത്.

കേന്ദ്ര ഗ്രാമീണമന്ത്രാലയം 25%ത്തിന്റെ വർധനവ് ആവശ്യപ്പെട്ടപ്പോഴാണ് 2023-24 ബഡ്ജറ്റിൽ വീണ്ടും വെട്ടിക്കുറവ് ഉണ്ടായത്. ഈ പദ്ധതി ക്രമാനുഗതമായി തകരുന്നതിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത് എന്ന് മനസ്സിലാക്കാം. രാജ്യത്തെ ദാരിദ്ര്യനിരക്ക് വർധിപ്പിക്കുന്നതിന് ഇത് ഇടയാക്കും. കോർപ്പറേറ്റ് നികുതികൾ കുറയ്ക്കുന്നതുൾപ്പെടെ സമ്പന്നരെ പ്രീണിപ്പിക്കുന്ന നടപടികൾ ഒരുവശത്ത് സ്വീകരിച്ചുകൊണ്ടാണ് ഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ അത്താണിയായ തൊഴിലുറപ്പ് പദ്ധതിയെ തകർക്കുന്നത്.

### ആരോഗ്യരംഗം

രാജ്യത്തെ ആരോഗ്യ സൂചികകളിൽ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും തമ്മിലുള്ള അന്തരം വളരെ ഉയർന്നതാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പ്രസവാനന്തര സേവനം ലഭിക്കുന്ന കുട്ടികളുടെയും, സ്ത്രീകളുടെയും ശതമാനം, വളർച്ചമുരടിപ്പും മന്ദതയും ഉള്ള കുട്ടികളുടെ ശതമാനം, വിളർച്ച ബാധിച്ച സ്ത്രീകളുടെ കണക്കുകൾ എന്നിവയിലെല്ലാം ഇത് പ്രകടമാണ്.

### പട്ടിക:3-പ്രസവാനന്തര പരിചരണം ലഭിക്കുന്ന നവജാതശിശുക്കളുടെ ശതമാനം

| സംസ്ഥാനം-കേന്ദ്ര ഭരണപ്രദേശം | ശതമാനം |
|---|---|
| ഗോവ | 96.7 |
| പുതുച്ചേരി | 96 |
| തമിഴ്നാട് | 94.9 |
| ലക്ഷദ്വീപ് | 93.5 |
| ആന്ധ്രപ്രദേശ് | 92.5 |
| കേരളം | 91.8 |
| ബീഹാർ | 59 |
| അരുണാചൽപ്രദേശ് | 57.2 |
| മേഘാലയ | 44.8 |
| നാഗാലാൻഡ് | 42 |
| മിസോറം | 37 |

*(അവലംബം: ദേശീയ കുടുംബ-ആരോഗ്യ സർവെ-5 2019-21)*

പട്ടിക അനുസരിച്ച് പരിചരണം ലഭിക്കുന്ന അരുണാചൽപ്രദേശ്, മേഘാലയ, മിസോറാം, നാഗാലാൻഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളുടെ അവസ്ഥ ഗോവ, ആന്ധ്രപ്രദേശ്, തമിഴ്നാട്, കേരളം, പുതുച്ചേരി, ലക്ഷദ്വീപ് എന്നിവയെ അപേക്ഷിച്ച് വളരെ പിന്നോക്കമാണ്. രാജ്യത്തിനകത്തെ വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും തമ്മിൽ നവജാതശിശുക്കൾക്ക് ജനനാന്തരസേവനം ലഭ്യമാക്കുന്നതിലെ വലിയ അന്തരത്തെയാണ് ഇത് സൂചിപ്പിക്കുന്നത്.

### പട്ടിക : 4-കുട്ടികൾക്കിടയിലെവളർച്ചമുരടിപ്പ്, മന്ദത (ശതമാനത്തിൽ)

| വർഷം | വളർച്ച മുരടിപ്പ് | വളർച്ചമന്ദത (5 വയസ്സിന് താഴെയുള്ള കുട്ടികളിൽ) |
|---|---|---|
| 2015-16 | 38.4% | 21% |
| 2020-21 | 35.5% | 19.3% |

*(അവലംബം: ദേശീയ കുടുംബ-ആരോഗ്യ സർവെ5 2019-21)*

ഇന്ത്യയിലെ കുട്ടികളിൽ മൂന്നിലൊരുഭാഗം വളർച്ചാമുരടിപ്പുള്ള വരും, 5 വയസ്സിന് താഴെയുള്ള 5ലൊരുഭാഗം കുട്ടികൾ വളർച്ചാമന്ദ്യത യുള്ളവരുമാണെന്ന് കണക്കുകൾ കാണിക്കുന്നു. കടുത്ത പോഷകാ ഹാരക്കുറവിന്റെ പ്രതിഫലനമായി ഇവയെ കാണാം. വരുമാനത്തിലെ അസമത്വം ജനതയുടെ അടിസ്ഥാനാവശ്യങ്ങളെപ്പോലും നേടിയെടു ക്കുന്നതിന് തടസ്സമാകുന്നു. ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ഏറ്റവും പിറകിലാണെന്നതിന്റെ കാരണം കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവാണ്.

ആരോഗ്യസേവനങ്ങളും ഭക്ഷണവും ഫലപ്രദമായി ലഭ്യമാക്കാ ത്തതുമൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നമാണ് സ്ത്രീകൾക്കിടയിലെ വിളർച്ച.

**പട്ടിക: 5-അനീമിയ ബാധിച്ച സ്ത്രീകളുടെ ശതമാനം (15-45 വയസ്സ്)**

| സംസ്ഥാനം/ കേന്ദ്രഭരണപ്രദേശം | 2015-16 | 2019-21 |
|---|---|---|
| കേരളം | 23% | 32% |
| അരുണാചൽപ്രദേശ് | 37% | 29% |
| നാഗാലാൻഡ് | 13% | 12.5% |
| ലക്ഷദ്വീപ് | 38% | 21% |
| ബീഹാർ | 79% | 77.5% |
| ഗുജറാത്ത് | 51.8% | 63.8% |
| പശ്ചിമബംഗാൾ | 54% | 63.5% |
| ഒറീസ | 58% | 62.5% |
| ഇന്ത്യ | 50.4% | 52.2% |

*(അവലംബം: ദേശീയ കുടുംബ-ആരോഗ്യ സർവെ-5 2019-21)*

രാജ്യത്തെ ആകെ 15-45 പ്രായത്തിലുള്ള സ്ത്രീകളിൽ അനീമിയ ബാധിച്ചവരുടെ നിരക്ക് 2015-16ലെ 50.4%ത്തിൽ നിന്നും 2019-21ൽ 52.2% ആയി ഉയർന്നതായി കണക്കുകൾ കാണിക്കുന്നു. സംസ്ഥാനങ്ങൾ തമ്മിലും വലിയ അന്തരം നിലനിൽക്കുന്നു. ഗർഭിണികൾക്കും അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികൾക്കുമിടയിലും തെക്കൻ ഏഷ്യൻരാജ്യ ങ്ങളിൽ (ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ്) ഉള്ള അനീമിയ ബാധിത രുടെ നിരക്ക് ഇന്ത്യയിൽ ഏറ്റവും ഉയർന്നതാണെന്ന് (53%) പഠനങ്ങൾ

കാണിക്കുന്നു.

### വിദ്യാഭ്യാസലഭ്യതയും ഗുണതയും

രാജ്യത്തെ സ്കൂളുകളിലെ കുട്ടികളുടെ പ്രവേശനനിരക്ക് കാര്യമായി ഉയർന്നിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ ഏതാണ്ട് 26.6 കോടി വരുന്ന കുട്ടികളിൽ 37.13%വും പഠിക്കുന്നത് അൺ എയ്ഡഡ് വിദ്യാലയങ്ങളിലാണെന്ന് യുഡൈസിലെ (UDISE) കണക്കുകൾ കാണിക്കുന്നു. 19.5% കുട്ടികൾ സർക്കാർ സ്കൂളുകളിൽ പഠിമ്പോൾ 13% കുട്ടികളാണ് വിവിധ മാനേജ്മെന്റ് സ്കൂളുകളിൽ പഠിക്കുന്നത്. സർക്കാർ മേഖലയിലെ സ്കൂൾ വിദ്യാഭ്യാസസംവിധാനത്തെ ഫലപ്രദമായി വിപുലപ്പെടുത്തുവാൻ വേണ്ടത്ര കഴിഞ്ഞിട്ടില്ല. പൊതുവിദ്യാഭ്യാസത്തിന്റെ വിപുലീകരണത്തിലെ ഈ പരിമിതി കുട്ടികളുടെ വിദ്യാഭ്യാസ അവസരങ്ങളെയും ചെലവുകളെയും ബാധിക്കുന്നു. ഇത് വിദ്യാഭ്യാസ അവസരങ്ങൾ തുല്യമായി ലഭ്യമാകുന്നതിന് തടസ്സമാകുന്നു.

### കൊഴിഞ്ഞുപോക്ക്

സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് പൊതുവിൽ 2018–19ലെ 4.45 ശതമാനത്തിൽനിന്ന് ഇപ്പോൾ 1.4% ആയി കുറഞ്ഞിട്ടുണ്ട് എന്നും യുഡൈസിലെ കണക്കുകൾ കാണിക്കുന്നു. അപ്പർ പ്രൈമറി ക്ലാസുകളിലെ കൊഴിഞ്ഞുപോക്ക് 2019–20ൽ 2.60 ശതമാനത്തിലേക്ക് കുറഞ്ഞു. എന്നാൽ സെക്കൻഡറിയിൽ ഇപ്പോഴും 16.09 ശതമാനമാണ്. പൊതുവിൽ കൊഴിഞ്ഞുപോക്ക് നിരക്ക് കുറയുമ്പോഴും; പട്ടികജാതി–പട്ടികവർഗവിഭാഗങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് ഉയർന്നതാണ്. 2019–20ൽ സെക്കൻഡറി മേഖലയിലെ പട്ടികവർഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് 24.18 ശതമാനവും, പട്ടികജാതി കുട്ടികളുടേത് 18.5 ശതമാനവുമാണ്. വിദ്യാഭ്യാസരംഗത്തെ പാർശ്വവത്കൃത വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയിൽ കാര്യമായ മാറ്റങ്ങളില്ല എന്നത് ഗൗരവതരമായി കാണേണ്ടതാണ്. അതേസമയം കേരളത്തിലെ സ്കൂൾ കൊഴിഞ്ഞുപോക്ക് നിരക്ക് പ്രൈമറി, അപ്പർ പ്രൈമറിതലത്തിൽ പൂജ്യവും സെക്കൻഡറിതലത്തിൽ 8.20വും ആണ്. സ്കൂൾ കൊഴിഞ്ഞുപോക്കിന്റെ കാര്യത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും തമ്മിൽ കൃത്യമായ അന്തരം പ്രകടമാണ്. അരുണാചൽപ്രദേശ്(38%), ആസാം(35%), ത്രിപുര(27%), ഒറീസ(24%) എന്നിവയാണ് സെക്കൻഡറിതലത്തിൽ ഉയർന്ന കൊഴിഞ്ഞുപോക്ക് നിലനിൽക്കുന്ന സംസ്ഥാനങ്ങൾ.

## ഉപഭോഗവസ്തുക്കളുടെ  ഉടമസ്ഥത

ദീർഘസ്ഥായിയായ ഉപഭോഗവസ്തുക്കൾ, അടിസ്ഥാന ആസ്തികൾ എന്നിവയുടെ ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ NFHSന്റെ സാമ്പത്തികസൂചിക (wealth index) തയ്യാറാക്കിയിട്ടുണ്ട്. ടെലിവിഷൻ, വാഹനങ്ങൾ എന്നിവയുടെ ഉടമസ്ഥത, കക്കൂസ്, കുടിവെള്ളലഭ്യത എന്നിവ ആധാരമാക്കിയാണ് ഈ സൂചിക തയ്യാറാക്കിയത്. ഗാർഹിക ആസ്തികളുടെ ഉടമസ്ഥതയിൽ കാര്യമായ ഗ്രാമീണ-നഗര അസമത്വം നിലനിൽക്കുന്നതായാണ് NFHS കണക്കുകൾ കാണിക്കുന്നത്. നഗരങ്ങളിലെ സമ്പന്നരായ 25 ശതമാനത്തിൽ ആകെ ഗാർഹിക ആസ്തികളുടെ 44% കേന്ദ്രീകരിച്ചിരിക്കുമ്പോൾ, ഗ്രാമങ്ങളിലെ ധനികരായ 25%ത്തിൽ ഇത് 7% മാത്രമാണ്. അതുപോലെത്തന്നെ ഗാർഹികസമ്പത്തിന്റെ കാര്യത്തിൽ രാജ്യത്തെ ഏറ്റവും താഴെ വരുന്ന 25%ത്തിൽ ആകെ ഗ്രാമീണകുടുംബങ്ങളുടെ 28.4% ഉൾപ്പെടുമ്പോൾ ആകെ നഗരകുടുംബങ്ങളുടെ 3.1% മാത്രമാണ് ഉൾപ്പെടുന്നത്. രാജ്യത്തെ ആകെ കുടുംബങ്ങളുടെ 54.9% ഉൾപ്പെടുന്നത് ഏറ്റവും ദരിദ്രരായ രണ്ട് തട്ടുകളിലാണ്. സംസ്ഥാനങ്ങൾ തമ്മിലും ഗാർഹിക ആസ്തികളുടെ അന്തരം വളരെ പ്രകടമാണ്. പഞ്ചാബ്, ഗോവ എന്നിവിടങ്ങളിൽ 50% ജനതയും അഞ്ച് തട്ടുകളായി തിരിച്ചതിൽ ഉയർന്ന ആദ്യതട്ടിൽ ഉൾപ്പെടുന്നതായി കണക്ക് കാണിക്കുന്നു. അതേസമയം ഏറ്റവും താഴെയുള്ള തട്ടിൽ കൂടുതൽ കുടുംബങ്ങളും കേന്ദ്രീകരിച്ചിരിക്കുന്നത് ബീഹാർ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിലാണ്. ബീഹാറിലെ 51% കുടുംബങ്ങളും ഏറ്റവും താഴ്ന്ന തട്ടിൽ ഉൾപ്പെടുന്നു (5ൽ 1). ഇത് അവിടുത്തെ ഉയർന്ന ദാരിദ്ര്യത്തിന്റെ വ്യക്തമായ സൂചകമാണ്.

ഇന്ത്യ ഡിജിറ്റൽ വിപ്ലവത്തെക്കുറിച്ചു സംസാരിക്കുന്ന ഇക്കാലത്തും 2020ലെ കണക്ക് പ്രകാരം ഇന്ത്യയിലെ 34% ഗ്രാമീണ കുടുംബങ്ങൾക്കും 55.12% നഗരകുടുംബങ്ങൾക്കും മാത്രമാണ് ഇന്റർനെറ്റ് സേവനങ്ങൾ കേബിൾ വഴിയും അല്ലാതെയും ലഭ്യമായിട്ടുള്ളത്. ഡിജിറ്റൽ ഇന്ത്യ എന്ന പ്രഘോഷണങ്ങൾക്ക് ഇടയിലും മൂന്നിൽ രണ്ട് ഭാഗം ഗ്രാമീണരും പകുതിയോളം നഗരവാസികളും ഇന്റർനെറ്റ് സേവനങ്ങൾക്ക് പുറത്താണ് എന്നതാണു  വസ്തുത.

2019-20ലെ NFHS അഞ്ചാംവട്ട കണക്കുകൾപ്രകാരം രാജ്യത്തെ 95.9% ജനതയ്ക്ക് സുരക്ഷിത കുടിവെള്ളം ലഭ്യമാണ്. 2014ലെ 38.7% കുടുംബങ്ങളിൽ നിന്നും 90%ത്തിന് മുകളിലേക്ക് ഗാർഹിക കക്കൂസ് ലഭ്യത ഉയർന്നതായും NFHS സർവേഫലങ്ങൾ കാണിക്കുന്നു. 96.8% കുടുംബങ്ങൾ വൈദ്യുതികരിക്കപ്പെട്ടതാണ്. എന്നാൽ 43.2% ഗ്രാമീണ

കുടുംബങ്ങൾക്ക് മാത്രമേ പാചകവാതക കണക്ഷൻ ലഭ്യമായിട്ടുള്ളൂ. ഇക്കാര്യത്തിൽ ഗ്രാമ-നഗരവ്യത്യാസം ഏറെ ഉയർന്നതാണെന്ന് സർവെഫലം സൂചിപ്പിക്കുന്നു.

**അസമത്വാധിഷ്ഠിത മാനവവികസനസൂചിക**

മാനവവികസനസൂചികയുടെ ആരോഗ്യം, വിദ്യാഭ്യാസം, വരുമാനം എന്നീ മൂന്ന് ഉപതലങ്ങളിൽ രാജ്യത്ത് നിലനിൽക്കുന്ന അസമത്വത്തിന്റെ ശരാശരി മൂല്യത്തെ യഥാർത്ഥ മാനവവികസനസൂചികയിൽ നിന്ന് കുറക്കുമ്പോൾ കിട്ടുന്നതിനെയാണ് അസമത്വാധിഷ്ഠിത മാനവ വികസന സൂചിക (Inquality adjusted Human Development Index - IHDI) എന്ന് പറയുന്നത്. IHDI ഉയർന്നിരിക്കുമ്പോൾ രാജ്യത്തെ ആരോഗ്യ വിദ്യാഭ്യാസവരുമാനസൂചകങ്ങളിൽ കാര്യമായ അസമത്വം നിലനിൽക്കുന്നു എന്നാണ് വിവക്ഷിക്കപ്പെടുന്നത്.

**പട്ടിക: 6**

**IHDI ഇന്ത്യയിൽ വിവിധ വർഷങ്ങളിൽ**

| വർഷങ്ങൾ | 2015 | 2016 | 2017 | 2018 | 2019 | 2020 | 2021 |
|---|---|---|---|---|---|---|---|
| IHDI | 0.459 | 0.464 | 0.473 | 0.476 | 0.482 | 0.481 | 0.475 |

*(അവലംബം: യു.എൻ.ഡി.പി. റിപ്പോർട്ടുകൾ)*

2015ലെ 0.459 എന്നതിൽ നിന്ന് ഇന്ത്യയുടെ അസമത്വം പരിഗണിച്ചുള്ള മാനവവികസനസൂചിക 2021ൽ 0.475ലേക്ക് എത്തിയതായി പട്ടിക കാണിക്കുന്നു. 2018ലും 2019ലും ഏറ്റവും ഉയർന്ന നിരക്കിലേക്കെത്തിയിരുന്നു. രാജ്യത്തെ മാനവവികസനസൂചിക കണക്കാക്കുന്ന ആരോഗ്യം, വിദ്യാഭ്യാസം, വരുമാനം എന്നീ ഘടകങ്ങളിൽ ഈ കാലഘട്ടത്തിൽ കടുത്ത അസമത്വം ഉണ്ടായി എന്നാണ് ഇത് സൂചിപ്പിക്കുന്നത്. 2015 മുതലുള്ള തുടർച്ചയായുള്ള വളർച്ചയിൽ അസമത്വം ക്രമാനുഗതമായി കൂടുകയാണ് ചെയ്തത്. അസമത്വംമൂലം യഥാർത്ഥത്തിലുള്ള മാനവ വികസനസൂചികയിൽ രാജ്യത്തിനുള്ള നഷ്ടം 25% ആണ് എന്ന് യു എൻ ഡി പി റിപ്പോർട്ട് കാണിക്കുന്നു. രാജ്യത്ത് ആരോഗ്യ, വിദ്യാഭ്യാസ, വരുമാനമേഖലകളിൽ ഉണ്ടാകുന്ന ഗുണകരമായ മാറ്റംപോലും അസമത്വംമൂലം ഇല്ലാതാകുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്.

**ജെൻഡർ അസമത്വസൂചിക**

മാനവവികസനനേട്ടങ്ങളുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥയെ കാണിക്കുന്ന സൂചികയാണ് ജെൻഡർ അസമത്വസൂചിക. പ്രത്യുൽപാദനആരോഗ്യം, ശാക്തീകരണം, തൊഴിൽപങ്കാളിത്തം എന്നിവയിലെ അസമത്വങ്ങളെയാണ് ഇതിൽ പരിഗണിക്കുന്നത്. മാതൃമരണ

നിരക്ക്, കൗമാരപ്രായത്തിൽ ഗർഭിണികളാകുകയും പ്രസവിക്കുകയും ചെയ്യുന്നവരുടെ നിരക്ക് എന്നിവയാണ് പ്രത്യുൽപാദന ആരോഗ്യത്തിലെ അസമത്വം കണക്കാക്കാൻ ഉപയോഗിക്കുന്നത്. പാർലമെന്ററി സീറ്റുകളിലെ ലിംഗാനുപാതവും, സെക്കൻഡറി വിദ്യാഭ്യാസരംഗത്തെ ലിംഗാനുപാതവുമാണ് ശക്തീകരണരംഗത്തെ അസമത്വസൂചകങ്ങളായി പരിഗണിക്കുന്നത്. തൊഴിൽ പങ്കാളിത്തത്തിലെ സ്ത്രീ-പുരുഷ അനുപാതമാണ് തൊഴിൽ വിപണിയിലെ പങ്കാളിത്ത അസമത്വം കണക്കാക്കാൻ പരിഗണിക്കുന്നത്.

**പട്ടിക: 7**

**ജെൻഡർ അസമത്വസൂചകം**

| വർഷം | 1990 | 2010 | 2015 | 2020 | 2021 |
|---|---|---|---|---|---|
| ഇന്ത്യ | 0.710 | 0.582 | 0.525 | 0.493 | 0.490 |
| ലോക നിലവാരം | 0.581 | 0.504 | 0.478 | 0.465 | 0.465 |

*(അവലംബം: യു.എൻ.ഡി.പി. റിപ്പോർട്ടുകൾ)*

ഇന്ത്യയിലെ ജെൻഡർഅസമത്വഅനുപാതം ലോകനിലവാരത്തെക്കാൾ 1990 മുതൽ തുടർച്ചയായി ഉയർന്നുനിൽക്കുന്നതായി പട്ടിക സൂചിപ്പിക്കുന്നു. 1990ലെ 0.710ൽനിന്ന് 2021ൽ 0.490ലേക്ക് ഇന്ത്യയിലെ അസമത്വം കുറഞ്ഞപ്പോൾ ലോകത്തെ ജെൻഡർഅസമത്വം ഇതേ കാലയളവിൽ 0.581ൽനിന്ന് 0.465 ആയാണ് കുറഞ്ഞത്. 2021ലെ കണക്കുകൾ പ്രകാരം ജെൻഡർഅസമത്വത്തിന്റെ കാര്യത്തിൽ 170 രാജ്യങ്ങളെ പട്ടികപ്പെടുത്തുമ്പോൾ ഇന്ത്യയുടെ സ്ഥാനം 122 ആണ്. രാജ്യത്ത് നിലനിൽക്കുന്ന സ്ത്രീവിരുദ്ധമായ സാമൂഹിക-മതാചാരങ്ങൾ, സ്ത്രീകൾക്ക് ലഭിക്കുന്ന ആരോഗ്യ-വിദ്യാഭ്യാസ സേവനങ്ങൾ എന്നിവയിലെ പിന്നോക്കാവസ്ഥ, വരുമാനക്കുറവ്, നേതൃതലങ്ങളിലെ കുറഞ്ഞ സ്ത്രീപങ്കാളിത്തം എന്നിവയൊക്കെയാണ് ജെൻഡർ അസമത്വ സൂചിക ഇന്ത്യയിൽ ഉയർന്നിരിക്കുന്നതിന്റെ കാരണങ്ങൾ.

### പട്ടിണി സൂചിക

ദാരിദ്ര്യത്തിന്റെ തീവ്രത അടുത്ത കുറച്ചുവർഷങ്ങളിൽ ഉയർന്നുവരുന്നതിനാൽ ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ഉയർന്നിരിക്കുന്നു. 2023 ഒക്ടോബറിൽ റിപ്പോർട്ട് പുറത്തുവിട്ടപ്പോൾ ലോകത്തെ 125 രാജ്യങ്ങളിൽ ഏറ്റവും ഉയർന്ന പട്ടിണിനിരക്കോടെ 111-ാംസ്ഥാനമാണ് ഇന്ത്യക്ക് ലഭിച്ചത്. 2015ൽ 109 ആയിരുന്ന ഇന്ത്യ

യുടെ സ്ഥാനം എട്ടുവർഷം പിന്നിട്ടപ്പോൾ കൂടുതൽ മോശമാവുക യാണ് ഉണ്ടായത്. ഇന്ത്യൻജനതയ്ക്ക് പോഷകമൂല്യമുള്ള ഭക്ഷണം ലഭ്യമാകാത്തതാണ് ഈ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണം. രാജ്യത്ത് 40% ജനതയ്ക്ക് പോഷകാഹാരം ലഭ്യമാകുന്നില്ലെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. തിമൂർ, അഫ്ഘാനിസ്ഥാൻ, ഹെയ്ത്തി മുത ലായ ഏറ്റവും പുറകിൽ നിൽക്കുന്ന ഒരുകൂട്ടം രാജ്യങ്ങൾ മാത്രമാണ് ഇന്ത്യയെക്കാൾ ഈ സൂചികയിൽ മോശം അവസ്ഥയിലുള്ളത്. അതേ സമയം പാക്കിസ്ഥാൻ, ബംഗ്ലാദേശ് മുതലായ അയൽരാജ്യങ്ങൾ ഇന്ത്യ യെക്കാൾ മികച്ച അവസ്ഥയിലാണ്. ലോകത്തെത്തന്നെ ഏറ്റവും ഗൗര വമുള്ള പട്ടിണിസ്ഥിതിയുള്ള 40 രാജ്യങ്ങളുടെ പട്ടികയിലാണ് റിപ്പോർട്ട് ഇന്ത്യയെ ഉൾപ്പെടുത്തിയിട്ടുള്ളത്. വളർച്ചാമുരടിപ്പും, വളർ ച്ചാമാന്ദ്യവും ഉള്ള കുട്ടികളുടെ എണ്ണം ഉയർന്നതോതിലായതിനാലാണ് ഇന്ത്യ പട്ടിണിസൂചികയിൽ ഇത്രയും മോശം അവസ്ഥയിലെത്തിയത്. ഇന്ത്യൻ ജനസംഖ്യയുടെ 16% പോഷകദാരിദ്ര്യമുള്ളവരാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ഇതുപോലെത്തന്നെ ഇന്ത്യയിലെ സ്ത്രീക ളിലും കൗമാരക്കാരായ പെൺകുട്ടികളിലും 50% വിളർച്ചയുള്ളവരാ ണെന്നും റിപ്പോർട്ട് സൂചിപ്പിക്കുന്നു.

**ബഹുമുഖ ദാരിദ്ര്യസൂചിക**

മുൻകാലങ്ങളിൽ കേവലം കഴിക്കുന്ന ഭക്ഷണത്തിന്റെ കലോറി മൂല്യത്തിന്റെ അടിസ്ഥാനത്തിലാണ് ദാരിദ്ര്യം കണക്കാക്കിയിരുന്നത്. എന്നാൽ ദാരിദ്ര്യസൂചകങ്ങളിൽ പിന്നീട് വലിയ മാറ്റമുണ്ടായി. ഏക മുഖ സൂചികയിൽ നിന്ന് വ്യത്യസ്തമായി ആരോഗ്യം, വിദ്യാഭ്യാസം, വരുമാനം, അടിസ്ഥാന ജീവിതസാഹചര്യങ്ങൾ എന്നിവ കണക്കിലെ ടുക്കുന്ന ബഹുമുഖ ദാരിദ്ര്യസൂചിക ഐക്യരാഷ്ട്രസംഘടനയുടെ തന്നെ നേതൃത്വത്തിൽ രൂപപ്പെടുത്തി (Multi-Dimensional Poverty Index - MDPI).

ഇതിൽ ആരോഗ്യസൂചകങ്ങളുടെ ഉപസൂചകങ്ങളായി പോഷകാ ഹാരലഭ്യത, ശിശുമരണനിരക്ക് എന്നിവയാണ് പരിഗണിച്ചിട്ടുള്ളത്. സ്കൂൾവിദ്യാഭ്യാസം ലഭ്യമാകുന്ന വർഷങ്ങൾ, സ്കൂളിലെ ഹാജർ നിരക്ക് എന്നിവ വിദ്യാഭ്യാസത്തിലെ ഉപസൂചകങ്ങളായി പരിഗണിച്ചു. പാചക ഇന്ധനത്തിന്റെ സ്വഭാവം, കക്കൂസ് സൗകര്യം, വീടിന്റെ സ്ഥിതി, കുടിവെള്ളം-വൈദ്യുതി ലഭ്യത, ഗാർഹിക ആസ്തികൾ എന്നിവ ജീവിതനിലവാരത്തെ അളക്കാനുള്ള ഉപസൂചകങ്ങളാക്കി. ഈ സൂചക ങ്ങളുടെ അടിസ്ഥാനത്തിലാണ് നീതി ആയോഗ് ഇന്ത്യയുടെ MDPI റിപ്പോർട്ട് പുറത്തിറക്കുന്നത്.

### പട്ടിക-8 : ബഹുമുഖ ദാരിദ്ര്യ സൂചിക: ഇന്ത്യ-കേരളം

| | ബഹുമുഖ ദാരിദ്ര്യ സൂചിക (MDPI)0-1 | ആരോഗ്യം (ജനസംഖ്യ %) | | വിദ്യാഭ്യാസം (ജനസംഖ്യ %) | | ജീവിതനിലവാരം (ജനസംഖ്യ %) | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | പോഷകാഹാര ലഭ്യത | ശിശു മരണ നിരക്ക് | സ്കൂൾ വിദ്യാഭ്യാസവർഷം | സ്കൂൾ ഹാജർ | പാചക ഇന്ധനം | കക്കൂസ് ലഭ്യത | കുടിവെള്ളം | വൈദ്യുതി | വീട് | ആസ്തികൾ |
| ദേശീയ നിലവാരം | 0.069 | 31.55 | 2.06 | 11.40 | 5.27 | 43.92 | 30.13 | 7.32 | 3.27 | 41.39 | 10.17 |
| ബീഹാർ | 0.154 | 42.18 | 4.14 | 22.30 | 10.61 | 63.31 | 50.78 | 1.66 | 3.67 | 65.37 | 20.24 |
| കേരളം | 0.003 | 16.53 | 0.20 | 2.49 | 0.25 | 28.18 | 1.30 | 5.41 | 0.41 | 16.15 | 3.07 |

*(അവലംബം:- നീതി ആയോഗ് ബഹുമുഖ ദാരിദ്ര്യസൂചക റിപ്പോർട്ട്, 2021)*

ദേശീയ നിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ദാരിദ്ര്യസൂചകങ്ങൾ ഏറെ മെച്ചപ്പെട്ടതാണ്. ഇന്ത്യൻ ശരാശരി പോഷകാഹാരലഭ്യത, ഗുണതയുള്ള പാചകഇന്ധനലഭ്യത എന്നിവ യുടെ കാര്യങ്ങളിൽ ഇന്ത്യയുടെ സ്ഥിതി ഇന്നും ഏറെ പുറകിലാണ്. വീടിന്റെ അവസ്ഥയുടെ കാര്യത്തിലാണ് കേരളം ഇനിയും മുൻപോട്ടുപോകാനുള്ളത് പോഷകനിലവാരത്തിന്റെ കാര്യത്തിലും മുന്നേറാനുണ്ട്. എന്നാൽ മറ്റെല്ലാ സൂചകങ്ങളിലും കേരളം ഏറെ മുന്നിൽനിൽക്കുന്നു എന്ന് ബഹുമുഖ ദാരിദ്ര്യസൂചിക കാണിക്കുന്നു.

**ഇന്ത്യയ്ക്കകത്തെ ദാരിദ്ര്യ അന്തരങ്ങൾ**

നീതി ആയോഗ് പുറത്തുവിട്ട ഇന്ത്യയിലെ ദാരിദ്ര്യം വെളിപ്പെടുത്തുന്ന ബഹുമുഖ ദാരിദ്ര്യസൂചിക റിപ്പോർട്ട് ഇന്ത്യൻ സംസ്ഥാനങ്ങൾ തമ്മിലും കേന്ദ്രഭരണപ്രദേശങ്ങൾ തമ്മിലും ദാരിദ്ര്യത്തിൽ വലിയ അന്തരങ്ങൾ ഉണ്ടെന്ന് കാണിക്കുന്നു.

**പട്ടിക : 9-**
**ഇന്ത്യയിലെ ദാരിദ്ര്യനിരക്ക് (ശതമാനം)**

| സംസ്ഥാനം/കേന്ദ്രഭരണ പ്രദേശം | ശതമാനം |
|---|---|
| ബീഹാർ | 51.91% |
| ഝാർഖണ്ഡ് | 42.16% |
| ഉത്തർപ്രദേശ് | 37.79% |
| മധ്യപ്രദേശ് | 36.65% |
| മേഘാലയ | 32.57% |
| കേരളം | 0.71% |
| ഗോവ | 3.76% |
| സിക്കിം | 3.82% |
| തമിഴ്നാട് | 4.89% |
| പഞ്ചാബ് | 5.59% |
| ദേശീയ ശരാശരി-ഇന്ത്യ | 14.96 % |

*(അവലംബം നീതി ആയോഗ്റിപ്പോർട്ട് 2021)*

മുകളിലെ പട്ടിക കാണിക്കുന്നത് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങ

ളായ ബീഹാർ, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നിവിടങ്ങളിലും വടക്ക് -കിഴക്കൻ സംസ്ഥാനമായ മേഘാലയയിലും ദാരിദ്ര്യനിരക്ക് ഉയർന്നിരിക്കുന്നു എന്നതാണ്. ബീഹാറിൽ പകുതിയിലധികം ജനതയും ഉത്തർപ്രദേശിൽ പകുതിയിൽ താഴെ ജനതയും ദരിദ്രരാണ്.

അതേസമയം കേരളം, തമിഴ്നാട്, പഞ്ചാബ്, ഗോവ, സിക്കിം എന്നീ സംസ്ഥാനങ്ങൾ ദാരിദ്ര്യം വളരെ കുറഞ്ഞവയാണ്. ഏറ്റവും കുറച്ചു ദരിദ്രരുള്ള സംസ്ഥാനം കേരളമാണ്. പുരോഗമന നടപടികൾ സ്വീകരിക്കുന്ന സംസ്ഥാനങ്ങളിലാണ് ദാരിദ്ര്യം പൊതുവേ കുറവുള്ളതെന്ന് ഇത് കാണിക്കുന്നു. ഗോവ പോലുള്ള ടൂറിസം സാധ്യതകളും വരുമാനസാധ്യതയും ഉള്ള സംസ്ഥാനത്തും ദാരിദ്ര്യം കുറവാണ്.

രാജ്യത്തെ ആകെ 14.96% കുടുംബങ്ങളാണ് 2021ലെ കണക്കുകൾ പ്രകാരം ദരിദ്രർ. 2015-16ൽ ഇത് 24.85% ആയിരുന്നു. രാജ്യത്തെ ദരിദ്രരുടെ എണ്ണം ഇപ്പോഴും ഗണ്യമായതോതിൽ തന്നെ നിലനിൽക്കുന്നു എന്നാണ് ഇത് കാണിക്കുന്നത്.

### അസമത്വം ഇല്ലാത്ത ഇന്ത്യയ്ക്കായി?

1990കൾ മുതൽ തുടരുന്ന ആഗോളവത്കരണസാമ്പത്തികനയങ്ങൾ ധനികരെ കൂടുതൽ ധനികരും ദരിദ്രരെ കൂടുതൽ ദരിദ്ര്യരും ആക്കുന്ന പ്രക്രിയ ശക്തിപ്പെടുന്നു എന്നാണ് മുകളിലെ വിശകലനങ്ങൾ കാണിക്കുന്നത്. കഴിഞ്ഞ 10 വർഷത്തിനുള്ളിലാകട്ടെ രാജ്യത്തെ അസമത്വം ഭയാനകമായ തോതിൽ വർധിക്കുന്നതായി എല്ലാ സൂചകങ്ങളും തെളിയിക്കുന്നു. സമ്പത്തിന്റെ കേന്ദ്രീകരണം, ജനതയുടെ തൊഴിൽ പങ്കാളിത്തം, ഉപഭോഗ ചെലവുകളിലെ അസമത്വം, ഗാർഹിക ആസ്തികളുടെ അന്തരം, ലിംഗനീതിയിലെ അസമത്വം, ബഹുമുഖ ദാരിദ്ര്യസൂചികകളിലെ പിന്നോക്കാവസ്ഥ എന്നിവയെല്ലാം രാജ്യത്ത് വളർന്നുവരുന്ന അസമത്വങ്ങളെ സ്ഥിരീകരിക്കുന്നു.

ഇന്ത്യയിൽ പട്ടിണി ഇപ്പോഴും ഉയർന്നുനിൽക്കുന്നതായി ആഗോള പട്ടിണിസൂചികയിലെ ഇന്ത്യയുടെ സ്ഥാനം തെളിയിക്കുന്നു. പട്ടിണി സൂചികയിലെ അവസ്ഥ 2015നെ അപേക്ഷിച്ച് വീണ്ടും പുറകോട്ട് പോകുന്നത് രാജ്യത്തെ സമ്പന്നർ മാത്രമാണ് വളരുന്നത് എന്നത് സാക്ഷ്യപ്പെടുത്തുന്നു. അതിസമ്പന്നരുടെ കൈകളിലേക്ക് രാജ്യത്തെ ബഹുഭൂരിഭാഗം സമ്പത്തും കേന്ദ്രീകരിക്കുമ്പോൾ ഇന്ത്യ പട്ടിണിക്കാരുടെ രാജ്യമായി മാറുന്നു എന്നത് സാമ്പത്തികനയങ്ങളുടെ ധനികപക്ഷപാതിത്വത്തെ ഊട്ടിയുറപ്പിക്കുന്നു. സമ്പത്തിന്റെ അമിതകേന്ദ്രീകരണം ഒരുവശത്തും, പട്ടിണിയുടെ വ്യാപനം മറുവശത്തും പ്രകടമാകുമ്പോൾ സമ്പത്തിന്റെ കേന്ദ്രീകരണത്തെ കുറയ്ക്കുന്ന ഒരു നടപ

ടിയും കേന്ദ്രസർക്കാർ കൈക്കൊള്ളുന്നില്ല. അതിന് പകരം കോർപ്പറേറ്റ് നികുതി കുറയ്ക്കുന്നത് പോലുള്ള ധനിക അനുകൂല നടപടികളാണ് സർക്കാർ  പിന്തുടരുന്നത്.

ഒരുവശത്ത് കോർപ്പറേറ്റ് നികുതി കുറയ്ക്കുമ്പോൾ മറുവശത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പോലെ ഇന്ത്യയിലെ 27 കോടിയോളം സാധാരണക്കാർക്ക് അടിസ്ഥാനവരുമാനം ഉറപ്പാക്കുന്ന പദ്ധതിയെ ഇല്ലാതാക്കുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള ബജറ്റ് വിഹിതം അവസാന രണ്ട് വർഷങ്ങളിൽ 33% ആണ് വെട്ടിക്കുറച്ചത്. ഇത് രാജ്യത്തെ സാധാരണക്കാരുടെ അതിജീവനത്തിനുള്ള ഒരു പദ്ധതി തന്നെ തകരുന്നതിനും വരുമാന അസമത്വം വീണ്ടും വലിയതോതിൽ  വർധിക്കുന്നതിനും  കാരണമാകും.

വർഗീയതയും, പാരമ്പര്യ വിശ്വാസങ്ങളിൽനിന്ന് പുറത്ത് കടക്കുന്നതിനുള്ള വിമുഖതയും രാജ്യത്തെ സ്ത്രീ-പുരുഷ അസമത്വം ഉയർന്നു തന്നെ നിൽക്കുന്നതിന് കാരണമാകുന്നു. ഇതോടൊപ്പം ഉയർന്ന അനീമിയനിരക്ക്, മാതൃമരണനിരക്ക് എന്നിവയൊക്കെ രാജ്യത്തെ ആരോഗ്യസേവനങ്ങൾ സ്ത്രീകൾക്ക് ഫലപ്രദമായി ലഭ്യമാകുന്നതിലെ അസമത്വങ്ങളെ സൂചിപ്പിക്കുന്നു. ഭൂരിപക്ഷം  ജനതയുടെ പക്ഷത്തുനിന്നുള്ള രാഷ്ട്രീയ സാമ്പത്തികനയങ്ങൾവഴി മാത്രമേ രാജ്യത്തെ അസമത്വം കുറച്ചുകൊണ്ടുവരാൻ കഴിയൂ. താഴെപ്പറയുന്ന നടപടികൾ ഈ ദിശയിൽ അനിവാര്യമാകുന്നു;

പുരോഗമനപരമായ നികുതിനയം, നികുതി നിരക്കുകൾ (progressive taxation) എന്നിവ രാജ്യത്ത് നടപ്പിലാക്കുക. കോർപ്പറേറ്റ് നികുതി പോലുള്ള ധനികരിൽനിന്ന് ഈടാക്കുന്ന നികുതി നിരക്കുകൾ ഉയർത്തുക

ആദായനികുതി ഉയർന്ന വരുമാനക്കാരിൽ നിന്ന് കൂടുതൽ ഈടാക്കുന്ന തരത്തിൽ നിലവിലുള്ള നിലയിൽ നിന്നും കൂടുതൽ പരിഷ്കരിക്കുക. ഏറ്റവും ഉയർന്ന സ്ലാബുകളിൽ ഉള്ളവരുടെ നിരക്കുകൾ ഉയർത്തുക.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പോലുള്ള തൊഴിൽദാന പദ്ധതികൾക്ക് അനുവദിക്കുന്ന തുകയും തൊഴിൽദിനങ്ങളും ക്രമാനുഗതമായി ഉയർത്തുക.

വലിയ തോതിലുള്ള ഭവനങ്ങൾ ,ഉയർന്ന വിലയുള്ള വാഹനങ്ങൾ, ആർഭാടമായ ചടങ്ങുകൾ മുതലായവയിൽ നിന്നും ഈടാക്കുന്ന ആർഭാടനികുതി നിരക്കുകൾ   ഉയർത്തുക

ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണസംവിധാനം എന്നീ

മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനം, പദ്ധതി നടത്തിപ്പ്, സേവനവിപുലീകരണം എന്നിവയ്ക്കായുള്ള ബജറ്റ് വിഹിതം ഉയർത്തുക. സാധാരണക്കാരുടെ ആരോഗ്യം, വിദ്യാഭ്യാസം, പോഷകാഹാരം എന്നിവയ്ക്കായുള്ള വ്യക്തിഗതചെലവുകൾ സർക്കാർ പിന്തുണകൾ നല്കി കുറച്ച് കൊണ്ടുവരിക

ഭൂപരിഷ്കരണം എല്ലാ സംസ്ഥാനങ്ങളിലും കൊണ്ടുവരിക, ഇതിനായി ദേശീയ നിയമഭേദഗതി നടപ്പാക്കുക, ഭൂരഹിതർക്ക് ഭൂമിയിൽ ഉള്ള അവകാശം നിയമപരമായി  വ്യവസ്ഥ ചെയ്യുക.

ഗ്രാമ, നഗരമേഖലകളിൽ ജനകീയമായ പാർപ്പിടനയം നടപ്പിലാക്കുക. ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമിയും, പാർപ്പിടവും, അടിസ്ഥാനസൗകര്യങ്ങളും ജനകീയമായ പദ്ധതികളിലൂടെ ഉറപ്പാക്കുക.

ദേശീയ, സംസ്ഥാന, പ്രാദേശിക സർക്കാർതലങ്ങളിൽ ജെൻഡർ ബജറ്റ് നടപ്പിലാക്കുക. ഓരോ മേഖലയിലും ജെൻഡർ വിടവ് (gender gap) റിപ്പോർട്ടുകൾ തയ്യാറാക്കി പ്രശ്നങ്ങൾ മറികടക്കാനുള്ള പദ്ധതികൾ തയ്യാറാക്കുക

ജെൻഡർബജറ്റ് പോലെ ദളിതർ, ആദിവാസികൾ എന്നിവരുടെ തൽസ്ഥിതിയെ സംബന്ധിച്ച ജീവിതനിലവാരം, മാനവവികസനം എന്നിവയെ അടിസ്ഥാനമാക്കിയുള്ള റിപ്പോർട്ട് ദേശീയ, സംസ്ഥാന, പ്രാദേശിക സർക്കാർതലങ്ങളിൽ തയ്യാറാക്കി എല്ലാ വർഷവും പുതുക്കുക. ഇതിന്റെ അടിസ്ഥാനത്തിൽ അവർക്കായി ദേശീയ, സംസ്ഥാന, പ്രാദേശികതലങ്ങളിൽ ബജറ്റ് വിഹിതം ഉൾക്കൊള്ളിക്കുക. ഓരോ തലത്തിലും പാർശ്വവത്കൃത വിഭാഗങ്ങൾക്കായി പ്രത്യേക ബജറ്റ് വിഹിതം വകുപ്പുകൾക്കുള്ളിലും പ്രാദേശികതലത്തിലും ഉറപ്പാക്കുക. അവ നിരന്തരം ജനകീയമായി മോണിറ്റർ ചെയ്യുക.

ഭൂരിപക്ഷം വരുന്ന ദരിദ്രരായ മനുഷ്യർക്ക് മുൻഗണന നൽകുന്ന ഒരു ഭരണകൂടത്തിന് മാത്രമേ രാജ്യത്തെ അസമത്വം ഇല്ലാതാക്കാൻ കഴിയൂ. അതിന് സഹായകരമായ രാഷ്ട്രീയ, സാമ്പത്തികനയങ്ങൾ ഭരണകൂടങ്ങൾക്ക് പിന്തുടരാൻ കഴിയണം. അല്ലെങ്കിൽ നിരന്തരമായി വളരുന്ന അസമത്വം രാജ്യത്തെ ആന്തരികസംഘർഷങ്ങൾ വർധിപ്പിക്കും.

| | |
|---|---|
| മലയാളം | malayalam |
| **അസമത്വങ്ങളുടെ ഇന്ത്യൻ വികസനപാത** | **asamathvangalude indian vikasanapaatha** |
| ഒന്നാം പതിപ്പ് : നവംബർ 2023 | first edition : november 2023 |
| പ്രസാധനം, വിതരണം : കേരള ശാസ്ത്രസാഹിത്യ പരിഷത്ത് തൃശ്ശൂർ – 680004 | published & distributed by : kerala sasthra sahithya parishath thrissur - 680004 |
| ഇ–മെയിൽ : publicationkssp@gmail.com | e-mail : publicationkssp@gmail.com |
| അച്ചടി : തെരേസ്സ ഓഫ്സെറ്റ് പ്രിന്റേഴ്സ്, അങ്കമാലി | printing : theressa offset printers, angamaly |

വില: 20.00

KSSP 2883 I E NOV 2023 D 1/8 7K 2000 LL25/23